# ചോദ്യോത്തരം

**മുജീബ്**

# ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഭാവി

■ *നാമമാത്രമായിരുന്ന ഇസ്‌ലാമിക ഖിലാഫത്തിന്റെ പതനത്തോടെയാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ രംഗപ്രവേശം ചെയ്തതെന്ന് പറയപ്പെടുന്നു. നൂറ്റാണ്ടുകളുടെ അന്തരങ്ങളിൽ പരിഷ്കർത്താക്കൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആഗതരാവുമെന്നും കേൾക്കുന്നു. പരിഷ്കർത്താക്കൾ ബീജാവാപം നൽകിയ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും ഒരുനാൾ അപചയം സംഭവിക്കുകയും പരിഷ്കർത്താക്കൾ വീണ്ടും ആഗതരാവുകയും ചെയ്യുകയില്ലേ? കഴിഞ്ഞ നൂറ്റാണ്ടിലെ ഒരു പരിഷ്കർത്താവായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി(റ)യുടെ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയും ഒരുനാൾ നാമാവശേഷമാവുകയും പുതിയ പരിഷ്കർത്താക്കളും പുതിയ പ്രസ്ഥാനങ്ങളും ഇനിയും സമാഗതമാവുകയുമില്ലേ?*

***നസീർ പള്ളിക്കൽ***

**ഇ**രുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിലാണ് തുർക്കി ആസ്ഥാനമായുള്ള ഉസ്മാനിയാ ഖിലാഫത്ത് അന്തിമമായി തിരോധാനം ചെയ്തത്. ആധുനിക യുഗത്തിലെ പ്രഥമ ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ നിലവിൽവന്നത് 1928-ലും. താൻ ഒരു മുജദ്ദിദാണെന്ന് ഇഖ്‌വാൻ സ്ഥാപകനായ ശഹീദ് ഹസനുൽ ബന്നാ ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ നവോത്ഥാനയത്നങ്ങൾ വിലയിരുത്തി പരിഷ്കർത്താവായിരുന്നു ഹസനുൽ ബന്നാ എന്ന നിഗമനത്തിലെത്തുകയായിരുന്നു ഇസ്‌ലാമിക പ്രാസ്ഥാനിക സമൂഹം. അതുതന്നെയാണ് 1941-ൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് തുടക്കം കുറിച്ച സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെയും അവസ്ഥ. അദ്ദേഹം ദീനിൽ ഒരു പദവിയും അവകാശപ്പെട്ടിരുന്നില്ല. അതേസമയം പോയ നൂറ്റാണ്ടിൽ ഇസ്‌ലാമിക ചിന്തക്കും നവോത്ഥാനത്തിനും അദ്ദേഹത്തോളം ബൗദ്ധിക സംഭാവനകളർപ്പിച്ച വ്യക്തിത്വങ്ങൾ ഇല്ലെന്നു പറയാം. അതിനാൽ പരിഷ്കർത്താക്കളുടെ പട്ടികയിൽ അദ്ദേഹവും ഇടം നേടി. പക്ഷേ, വിശുദ്ധ ഖുർആനിനെ കാലാകാലങ്ങളിൽ സുരക്ഷിതമാക്കി പരിരക്ഷിക്കുമെന്ന് അല്ലാഹുവും സത്യത്തിനായി നിലകൊള്ളുന്ന ഒരു വിഭാഗം അന്ത്യനാൾ വരെ ഉണ്ടാവുമെന്ന് പ്രവാചകനും പറഞ്ഞതല്ലാതെ ഏതെങ്കിലും വ്യക്തിക്കോ അദ്ദേഹം ബീജാവാപം ചെയ്ത പ്രസ്ഥാനത്തിനോ കാലത്തെ അതിജീവിക്കാനാവുമെന്ന ഗ്യാരണ്ടി ആരും നൽകിയിട്ടില്ല. ഇസ്‌ലാമിന്റെ സമഗ്രവും സമ്പൂർണവുമായ സംസ്ഥാപനത്തിനു വേണ്ടി നിലകൊള്ളുന്ന ഏതു പ്രസ്ഥാനവും പരിഷ്കരണ പ്രസ്ഥാനംതന്നെ; പേരുകളോ ആളുകളോ മാറുന്നത് സംഭവങ്ങളെ ബാധിക്കേണ്ടതല്ല.

## മുസ്‌ലിം മുഖ്യധാര

■ *"മുസ്‌ലിംസമുദായത്തിന്റെ സൃഷ്ടിപരമായ ചുവടുകളിലൊന്നിലും താൽപര്യമില്ലാതെ, കേവലം സംഘടനാപരമായ കാരണങ്ങളിലാണ് ജമാഅത്തെ ഇസ്‌ലാമി വോട്ട് കളംമാറുന്നത്. സാമുദായികമായ ഒരു പൊതുബോധത്തെ രൂപീകരിക്കാനോ രാഷ്ട്രീയത്തിലെങ്കിലും സ്വന്തം നിലപാടിന്റെ സാധുതയും സമകാലികതയും സഹോദര സംഘടനകളെ ബോധ്യപ്പെടുത്താനോ ജമാഅത്ത് മെനക്കെടാറില്ല എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. കേവലമൊരു ഇസ്‌ലാമിക പ്രസ്ഥാനമല്ല തങ്ങളെന്ന് പറയുകയും മുസ്‌ലിം മുഖ്യധാരയിലൊരു കസേര വീട്ടിൽനിന്നും ഏറ്റിക്കൊണ്ടിടുകയുമാണ് അവർ ചെയ്തത്. സമുദായ ഐക്യത്തിന് കണ്ണുതോരാതെ കാത്തുസൂക്ഷിക്കുന്നവരാണെന്നു പറയുകയും ഐക്യത്തിലേക്കുള്ള വഴികളിൽ മുള്ള് വിതറുകയുമാണ് അവർ ചെയ്തത്. മുസ്‌ലിംകളുടെ പൊതു വികാരത്തിൽനിന്ന് മാറി രാഷ്ട്രീയമടക്കമുള്ള വിഷയങ്ങളിൽ സ്വന്തം കുപ്പായം തുന്നിക്കെട്ടാനുള്ള ജമാഅത്ത് ശ്രമങ്ങളിൽനിന്ന് അതാണ് വായിക്കപ്പെടേണ്ടത്. ഇപ്പറഞ്ഞതിന്റെ അർഥം സാമുദായിക പാർട്ടിയുടെ സകാത്ത് വാങ്ങി ഒതുങ്ങിക്കഴിയണമെന്നല്ല. പാർട്ടിബന്ധങ്ങൾക്കുമപ്പുറത്തുള്ള ഒരു വൈകാരികതലം സമുദായത്തിനുണ്ട്. ആ വൈകാരികതലം ആരൊക്കെ കണ്ടാലും കണ്ടില്ലെന്ന് നടിക്കാനാണ് ജമാഅത്തിന് താൽപര്യം. മുസ്‌ലിംവിരുദ്ധപ്പടയെ ആനന്ദിപ്പിക്കുന്ന ഈ നിലപാടിലൂടെയാണ് ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം മുഖ്യധാരയിലെ ഇടഞ്ഞ ആട്ടിൻകുട്ടിയായിത്തീർന്നത്" (വർത്തമാനം ദിനപത്രം, 2006 നവംബർ 28). മുജീബിന്റെ പ്രതികരണം?*

***ഡോ. ബശീറുദ്ദീൻ അഹ്മദ് പയ്യനങ്ങാടി, തിരൂർ***

**മു**സ്‌ലിം മുഖ്യധാര എന്നൊരു പ്രയോഗം നിലവിലുണ്ടെങ്കിലും ഏതാണീ മുഖ്യധാര എന്ന് കൃത്യമായി വിശദീകരിക്കപ്പെട്ടിട്ടില്ല. ഇന്ത്യയെ സംബന്ധിച്ചേടത്തോളം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അജ്ഞതയും കൊണ്ടുനടക്കുന്ന, പൗരോഹിത്യത്തിന്റെ പിടിയിലമർന്ന ബോധശൂന്യരായ ഭൂരിപക്ഷമാണ് സമുദായത്തിന്റെ മുൻനിരയിൽ. അവരുടെ വിശ്വാസാചാരങ്ങളാണ് മുഖ്യധാര എന്ന് സമ്മതിക്കാമോ? പള്ളിയേക്കാൾ ദർഗകൾക്കും ജീവിക്കുന്നവരേക്കാൾ മരിച്ചവർക്കും മിമ്പറുകളേക്കാൾ മഖ്ബറകൾക്കും വിശുദ്ധി കൽപിക്കുന്ന ഈ സമൂഹത്തിന്റെ മുഖ്യധാരയിൽ ലയിക്കുന്നതോ അതിൽനിന്ന് വേറിട്ടുനിൽക്കുന്നതോ ഇസ്‌ലാമികപ്രസ്ഥാനത്തിന് അഭികാമ്യം?

മറ്റൊരു കാഴ്ചപ്പാടിൽ പരസ്പര വിരുദ്ധങ്ങളായ രാഷ്ട്രീയ പാർട്ടികൾ പങ്കുവെച്ചെടുത്ത മുസ്‌ലിം സമുദായമാണ് നമ്മുടെ മുമ്പിൽ. കോൺഗ്രസ്സിലും കമ്യൂണിസ്റ്റ് പാർട്ടികളിലും ദൾ ഗ്രൂപ്പുകളിലും സാമുദായിക രാഷ്ട്രീയ പാർട്ടികളിലുമൊക്കെയായി വിഭജിക്കപ്പെട്ടിരിക്കുന്ന ഈ സമൂഹത്തിന് ദിശാബോധമോ സുചിന്തിതമായ രാഷ്ട്രീയ കാഴ്ചപ്പാടോ ക്രിയാത്മകമായ അജണ്ടയോ ഒന്നും ഇല്ല. അഴിമതിയോ അധികാരക്കൊതിയോ അധികാര ദുർവിനിയോഗമോ ഒന്നും അവർക്ക് നിഷിദ്ധമേ അല്ല; പരിശുദ്ധ ഹജ്ജ് കാര്യത്തിലാണെങ്കിൽ പോലും. ഈ മുഖ്യധാരയിൽ തങ്ങളില്ലെന്ന ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ നിലപാട് അഭിമാനകരമോ അപമാനകരമോ എന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് തീരുമാനിക്കാവുന്നതേയുള്ളൂ.

ഇത് രണ്ടുമല്ലാത്ത ആദർശപരമായ മാനങ്ങളുള്ള മറ്റൊരു മുഖ്യധാരയുണ്ട്. മുസ്‌ലിം മതന്യൂനപക്ഷത്തിന്റെ

ഇസ്‌ലാമിക പൈതൃകവും സാംസ്കാരികത്തനിമയുമായി ബന്ധപ്പെട്ടതാണത്. മതനിരപേക്ഷ ജനാധിപത്യത്തിന്റെ നിലനിൽപ്, ബാബരിമസ്ജിദിന്റെ പുനർനിർമാണം, മുസ്‌ലിം വ്യക്തിനിയമ പരിരക്ഷ, ശരീഅത്തിന്റെ പ്രതിരോധം, പിന്നാക്ക സമൂഹ സംവരണം, ശാക്തീകരണം- ഇത്യാദി വിഷയങ്ങളിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി എല്ലായ്പ്പോഴും മുഖ്യധാരയോടൊപ്പം നിലയുറപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല പലപ്പോഴും നേതൃപരമായ പങ്കുതന്നെ വഹിച്ചിട്ടുണ്ട്. ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ, അഖിലേന്ത്യാ മുസ്‌ലിം വ്യക്തിനിയമ ബോർഡ്, ബാബരിമസ്ജിദ് മൂവ്മെന്റ് കോ-ഓർഡിനേഷൻ കമ്മിറ്റി, കേരള മുസ്‌ലിം സൗഹൃദവേദി പോലുള്ള കൂട്ടായ്മകളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സജീവ സാന്നിധ്യം ആർക്കാണ് നിഷേധിക്കാനാവുക? കേരളത്തിൽ യുക്തിവാദികൾ ഇസ്‌ലാമിനെതിരെ ആക്രമണം അഴിച്ചുവിട്ടപ്പോഴും ഇ.എം.എസ് നമ്പൂതിരിപ്പാടും സമാനമനസ്കരും ശരീഅത്ത്‌വിരുദ്ധ കാമ്പയിൻ നടത്തിയപ്പോഴും മൗലവി ചേകനൂരും കൂട്ടുകാരും മോഡേൺ ഏജ് സൊസൈറ്റിയുമായി രംഗത്തിറങ്ങിയപ്പോഴും പ്രതിരോധം തീർത്തവരുടെ മുൻപന്തിയിൽ ജമാഅത്തെ ഇസ്‌ലാമി ഉണ്ടായിരുന്നു എന്ന സത്യം കണ്ടില്ലെന്നു നടിച്ചിട്ട് കാര്യമില്ല. സമുദായ ഐക്യത്തിന് ആരൊക്കെ എന്തൊക്കെ യത്നങ്ങൾ കേരളത്തിൽ നടത്തിയോ അതിനോടൊക്കെയും അനുകൂലമായി പ്രതികരിച്ച ചരിത്രമേ ജമാഅത്തിനുള്ളൂ. മാസപ്പിറവിയുടെ പേരിൽ ഭിന്നിക്കുകയും ഭിന്നിപ്പിക്കുകയും ചെയ്തവരെ ഒരുമിപ്പിക്കാനല്ലാതെ സ്വന്തമായ ഒരു ഹിലാൽ കമ്മിറ്റിയുണ്ടാക്കാൻ പ്രസ്ഥാനം ഇന്നേവരെ മിനക്കെട്ടിട്ടില്ല. ആസാമിലെയും ഭാഗത്പൂരിലെയും ഗുജറാത്തിലെയും മറ്റു പലേടങ്ങളിലെയും വർഗീയാക്രമണങ്ങളിലെ ഇരകളുടെ കണ്ണീരൊപ്പാനും ദക്ഷിണേന്ത്യയിലെ സുനാമിബാധിതരെ പുനരധിവസിപ്പിക്കാനും ലാത്തൂരിലെ ഭൂകമ്പബാധിതർക്ക് ആശ്വാസമെത്തിക്കാനും പ്രസ്ഥാനം രംഗത്തിറങ്ങിയപ്പോൾ സമുദായം ഉള്ളഴിഞ്ഞു സഹകരിച്ചത് മുഖ്യധാരയുടെ അംഗീകാരമോ നിരാകരണമോ എന്ന് കണ്ണുള്ളവർ കണ്ടിട്ടുണ്ട്. ഏറ്റവും ഒടുവിൽ സാമുദായിക ഇഷ്യൂകളുടെ പിറകെ മാത്രം ബഹളം വെച്ചുനടന്നു ശീലിച്ച ഒരു സമുദായത്തെ സാമ്രാജ്യത്വവിരുദ്ധ ഫാഷിസ്റ്റ്‌വിരുദ്ധ സാർവദേശീയ മുഖ്യധാരയിലേക്ക് കൈപിടിച്ചാനയിക്കാൻ മുൻകൈയെടുത്തത് ആരെന്നും ഇസ്‌ലാമിനെ അരാഷ്ട്രീയവത്കരിച്ചും ഷണ്ഡീകരിച്ചും നടക്കുന്നവർ കണ്ണുതുറന്നു കാണണം.

## നമസ്കാരം ട്രെയ്നിംഗ് കോഴ്സ്?

■ *"ഭരണകൂടത്തെ ഇസ്‌ലാമീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ ദീൻ പൂർണമല്ലെന്നുണ്ടോ? ഇല്ല. എന്നാൽ ജമാഅത്തെ ഇസ്‌ലാമി പഠിപ്പിക്കുന്നത്, 'സ്വന്തം ഭരണം ഇല്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സങ്കൽപവീടുപോലെ' എന്നാണ്. സംഘടിത നമസ്കാരം ഭരണം സ്ഥാപിക്കാനുള്ള ട്രെയ്നിംഗ് കോഴ്സാണത്രെ. എല്ലാറ്റിനും തെളിവ് 'ലാ ഇലാഹ ഇല്ലല്ലാഹ്' തന്നെ. അല്ലാഹു അല്ലാതെ ഭരണാധികാരിയില്ല എന്നുകൂടി അവർ അതിനെ വ്യാഖ്യാനിച്ചു. അതുകൊണ്ട് ശഹാദത്ത് കലിമക്ക് അവർ നൽകിയ അർഥം ശരിയല്ല; പ്രായോഗികവുമല്ല" (സാൽവേഷൻ ഇന്റർനാഷ്നൽ ഇസ്‌ലാമിക് എക്സിബിഷൻ പ്രചാരണാർഥം ഐ.എസ്.എം പ്രസിദ്ധീകരിച്ച 'രക്ഷാമാർഗം' ലഘുലേഖയിൽനിന്ന്). മുജീബ് എന്തു പറയുന്നു?*

***കെ. അബ്ദുർറശീദ്***
***താനാളൂർ***

**ഇ**സ്‌ലാമിനെ അത്യന്തം സങ്കുചിതമായി വിശ്വാസാചാരങ്ങളിൽ തളച്ചിട്ട മഹാ അബദ്ധം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിരന്തര ബോധവത്കരണത്തിന്റെ ഫലമായി ഭാഗികമായെങ്കിലും തിരുത്തേണ്ട നിർബന്ധിതാവസ്ഥയിലാണിപ്പോൾ നമ്മുടെ മതസംഘടനകൾ. ഒരു വശത്ത് അമുസ്‌ലിംകൾക്കായുള്ള ദഅ്‌വത്തും പൊതു സംവാദങ്ങളും പ്രദർശനങ്ങളുമൊക്കെ സംഘടിപ്പിക്കുമ്പോൾ മറുവശത്ത് സാമ്രാജ്യത്വവിരോധവും മറ്റു സാമൂഹിക-രാഷ്ട്രീയ ഇടപെടലുകളും വേണ്ടിവരുന്നു. അപ്പോഴും തങ്ങൾ പണ്ടേയുള്ള നിലപാടിൽ ഉറച്ചുനിൽക്കുന്നുവെന്നും ജമാഅത്തെ ഇസ്‌ലാമിയുടെ പ്രബോധന ശൈലിയാൽ സ്വാധീനിക്കപ്പെട്ടിട്ടില്ലെന്നും ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടത് ഒരാവശ്യമായി അവർ കരുതുന്നു. അതിന്റെ ഭാഗമാണ് കാലഹരണപ്പെട്ട ആരോപണങ്ങളുടെ വിരസമായ ആവർത്തനം.

ഭരണകൂടത്തെ ഇസ്‌ലാമീകരിക്കുക എന്ന ഒരു പരിപാടി ജമാഅത്തെ ഇസ്‌ലാമിക്കില്ല. കാഞ്ഞിരത്തിന്റെ കായ മാമ്പഴമാക്കി മാറ്റാൻ വല്ല വിദ്യയുമുണ്ടെങ്കിലേ മതനിരാസ, കേവല ഭൗതികാദർശങ്ങളിൽ പണിതുയർത്തിയ ഭരണകൂടത്തെ ഇസ്‌ലാമീകരിക്കാനാവൂ. ഇസ്‌ലാമിനെ താത്ത്വികമായും പ്രായോഗികമായും സ്വീകരിക്കുന്നവരാണ് ഇസ്‌ലാമിക ഭരണകൂടം സ്ഥാപിക്കേണ്ടത്. ജനാധിപത്യപരമായി നടക്കേണ്ട ഈ പ്രക്രിയ വ്യക്തികളിൽ പ്രബോധനം നടത്തുകയും അവരെ പരിവർത്തിപ്പിക്കുകയും ചെയ്തുകൊണ്ട് മാത്രം സാധിക്കുന്നതാണ്. ആ ജോലിയിലാണ് ഇസ്‌ലാമിക പ്രസ്ഥാനം ഏർപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആനിലെ സിവിൽ-ക്രിമിനൽ നിയമങ്ങളും അവക്കാധാരമായ സാമൂഹികനീതി സങ്കൽപവും യാഥാർഥ്യമാവണമെങ്കിൽ ഭരണം കൂടാതെ സാധ്യമല്ല. ശരീഅത്തിന് പ്രായോഗിക നിയന്ത്രണമില്ലാത്ത ഒരു സമൂഹത്തിൽ നോമ്പിന്റെ ദിവസനിർണയവും സകാത്തിന്റെ സാമൂഹിക സംഭരണവും വിതരണവുമടക്കം എല്ലാം അപൂർണമോ വികലമോ ആയി അവശേഷിക്കും എന്നതിന് സമകാലിക മുസ്‌ലിംസമൂഹം തന്നെ സാക്ഷി. ഇസ്‌ലാം നിഷിദ്ധമാക്കിയ വ്യഭിചാരവും ഗർഭഛിദ്രവും നഗ്നതാ പ്രദർശനവും മദ്യപാനവും പലിശയും കൈക്കൂലിയും മറ്റെല്ലാ തിന്മകളും ഇല്ലാതാവണമെങ്കിൽ വെറും വഅള് പോരാ, അധികാരത്തിന്റെ ഇടപെടലുകൾ തന്നെ വേണം. അതുകൊണ്ടാണ് 'സ്വന്തം ഭരണം ഇല്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സങ്കൽപവീടു പോലെ' ആണെന്ന് പറഞ്ഞത്.

നമസ്കാരം ട്രെയ്നിംഗ് കോഴ്സ് (പരിശീലന പരിപാടി)തന്നെയാണ്. എന്തിന്റെ? അക്കാര്യം സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി വ്യക്തമാക്കിയതിങ്ങനെ: "ചുരുക്കത്തിൽ ഇഹലോകജീവിതത്തിൽ എല്ലാ സമയത്തും സകല വിഷയങ്ങളിലും ദൈവത്തെ സ്മരിക്കുക, അവന്റെ കോപത്തെ ഭയപ്പെടുക, അവന്റെ പൊരുത്തവും പ്രീതിയും വീക്ഷിക്കുക, അവന്റെ നിയമങ്ങളനുസരിക്കുക, അവന്റെ കൽപന ലംഘിക്കുന്നതിനാൽ ലഭിക്കാവുന്ന ഏത് ലാഭവും തിരസ്കരിക്കുക, അവനെ അനുസരിക്കുന്നതിനാൽ സംഭവിക്കുന്നതോ സംഭവിക്കാവുന്നതോ ആയ എല്ലാ കഷ്ട നഷ്ടങ്ങളും സസന്തോഷം സഹിക്കുക- ഇതാണ് ദൈവത്തിനുള്ള 'ഇബാദത്ത്'. ഇത്തരത്തിലുള്ള ജീവിതം ആദ്യന്തം ഇബാദത്ത് മാത്രമാണ്. എന്തിനേറെ, പ്രസ്തുത ജീവിതത്തിൽ തിന്നുന്നതും കുടിക്കുന്നതും നടക്കുന്നതും ഇരിക്കുന്നതും ഉറങ്ങുന്നതും ഉണരുന്നതും സംസാരിക്കുന്നതുമെല്ലാം ഇബാദത്തിൽ ഉൾപ്പെട്ടവയായിരിക്കും.

"ഇത് ഇബാദത്തിന്റെ സാക്ഷാൽ വിവക്ഷയാണ്. മുസ്‌ലിംകളെ ഇതേ നിലക്ക് ഇബാദത്ത് ചെയ്യുന്നവരാക്കിത്തീർക്കുകയത്രെ ഇസ്‌ലാമിന്റെ പരമലക്ഷ്യം. ഈ ആവശ്യാർഥം അടിസ്ഥാനപരമായ ഈ വലിയ ഇബാദത്തിന് മനുഷ്യനെ സന്നദ്ധനാക്കുന്ന ചില ഇബാദത്തുകൾ ഇസ്‌ലാമിൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഈ പ്രത്യേക ഇബാദത്തുകൾ ആ വലിയ ഇബാദത്തിനുള്ള ഒരു 'ട്രെയ്നിംഗ് കോഴ്സ്' എന്നോണമാണ്" (*ഇസ്‌ലാം*

*മതം*, 14-ാം പതിപ്പ്, പേജ് 146,147 പ്രസാ: ഐ.പി.എച്ച് കോഴിക്കോട്). 'എന്നെ ഓർക്കാൻ നീ നമസ്കാരം നിലനിർത്തുക', 'തീർച്ചയായും നമസ്കാരം മ്ലേഛതകളിൽനിന്നും നിഷിദ്ധങ്ങളിൽനിന്നും തടയുന്നു' എന്നീ ഖുർആൻ സൂക്തങ്ങൾ ശ്രദ്ധിച്ചാൽതന്നെ വ്യക്തമാവും ഇബാദത്തുകൾ ജീവിതസംസ്കരണത്തിനുള്ള ട്രെയ്നിംഗ് കോഴ്സ് തന്നെയാണെന്ന്.

## ജിന്നുബാധ മനുഷ്യരൂപത്തിലോ?

■ *2006 ഡിസംബർ 2 ലക്കം* പ്രബോധന*ത്തിൽ 'ജിന്നുബാധ'യെക്കുറിച്ച ചോദ്യത്തിന് മുജീബ് നൽകിയ മറുപടിയാണ് ഈ ചോദ്യത്തിന് ആധാരം. അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് ജിന്ന്, മനുഷ്യൻ, മാലാഖ എന്നീ സൃഷ്ടികൾ. ദൈവം മണ്ണിൽനിന്ന് മനുഷ്യനെയും തീകൊണ്ട് ജിന്നിനെയും പ്രകാശം കൊണ്ട് മാലാഖമാരെയും സൃഷ്ടിച്ചുവെന്ന് ഖുർആനും നബിവചനങ്ങളും പ്രസ്താവിക്കുന്നു. മാലാഖമാർക്ക് ദൈവഹിതത്തിനനുസരിച്ച് നീങ്ങാൻ മാത്രമേ സ്വാതന്ത്ര്യമുള്ളൂ. അതിനാൽതന്നെ അവരിൽ ഒരു തരക്കാർ മാത്രമേ കാണൂ. എന്നാൽ മനുഷ്യർക്കും ജിന്നുകൾക്കും മാർഗദർശനം സ്വീകരിക്കാനും നിഷേധിക്കാനുമുള്ള സ്വാതന്ത്ര്യം സർവശക്തൻ നൽകിയിരിക്കുന്നു. അതിനാൽ ഈ രണ്ടു വിഭാഗങ്ങളിലും വിശ്വാസികളും അവിശ്വാസികളും കപടവിശ്വാസികളും ഉണ്ടെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. ഒരു വർഗത്തിന് മറ്റൊരു വർഗത്തെ പരോക്ഷമായി സ്വാധീനിക്കാൻ സാധിക്കുമെന്നും വിശ്വാസമുണ്ട്. പക്ഷേ, ജിന്നുവർഗത്തെ മനുഷ്യന് സ്വാധീനിക്കാൻ കഴിയുമോ എന്നറിയില്ല. ജിന്നുകൾ 'മറഞ്ഞിരിക്കുന്ന'വയായതിനാൽ കാണാൻ കഴിയില്ല.*

*ജിന്നിന് മനുഷ്യരൂപം സ്വീകരിക്കാമെന്നും അതുവഴി മനുഷ്യനെ വഴിപിഴപ്പിക്കാമെന്നുമുള്ള വിശ്വാസം ഖുർആനികവിരുദ്ധമാണ്. അതുകൊണ്ടുതന്നെ ഈ വികല വിശ്വാസം ഇസ്‌ലാമിനന്യവുമാണ്. ജിന്ന് മനുഷ്യാകാരം പൂണ്ടാൽ മനുഷ്യനേത്, ജിന്നേത് എന്ന് തിരിച്ചറിയാൻ പ്രയാസമാകും. അത് സാമൂഹിക ജീവിതവ്യവസ്ഥയുടെ നിലനിൽപുതന്നെ അവതാളത്തിലാക്കും. ജിന്നുകൾ മനുഷ്യരൂപത്തിൽ വരുമെന്നും വഴിതെറ്റിക്കുമെന്നും മറ്റുമുള്ള വിശ്വാസത്തിന് തെളിവുകളില്ലതാനും. 'മനുഷ്യരെ വഴിതെറ്റിക്കാൻ ജിന്നുകൾ ശ്രമിക്കുന്നതുപോലും മനുഷ്യരൂപം പൂണ്ടായിരിക്കും' എന്ന മുജീബിന്റെ പ്രസ്താവനക്ക് എന്ത് പിൻബലമാണുള്ളത്?*

***ഒരു ചോദ്യകർത്താവ്***
***പയങ്ങാടി, കണ്ണൂർ***

**അ**ദൃശ്യജീവികളായ ജിന്നുകളെക്കുറിച്ച് വിശുദ്ധ ഖുർആനും പ്രവാചക ശ്രേഷ്ഠനും പറഞ്ഞുതന്നതല്ലാത്ത ഒരു വിവരവും ആർക്കും ഇല്ല; ഉണ്ടാവാൻ സാധ്യതയുമില്ല. കാരണം ജിന്നുകൾ മനുഷ്യർക്ക് കാണാനോ മറ്റു രീതിയിൽ അനുഭവിക്കാനോ ഒരു വഴിയുമില്ലാത്ത സൃഷ്ടികളാണെന്നതുതന്നെ. അതിനാൽ ജിന്നുബാധയെന്നും ജിന്നുസേവയെന്നും മറ്റും ചിലർ പ്രചരിപ്പിക്കുന്ന കാര്യങ്ങളുടെ അർഥശൂന്യത ചൂണ്ടിക്കാട്ടുകയായിരുന്നു മുൻ മറുപടിയിൽ (ചോദ്യോത്തര പംക്തി, *പ്രബോധനം* 2006 ഡിസംബർ 2). അതിനെ അടിസ്ഥാനമാക്കി ചോദ്യകർത്താവ് പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽ പലതിനോടും യോജിക്കാനാവില്ല.

ഒന്ന്, ജിന്നുവർഗത്തെ മനുഷ്യന് സ്വാധീനിക്കാൻ കഴിയുമോ എന്നറിയില്ല എന്ന് ചോദ്യകർത്താവ് പറയുന്നു. അതേസമയം മനുഷ്യനായ പ്രവാചകൻ (സ) മനുഷ്യരിലേക്കും ജിന്നുകളിലേക്കുമുള്ള തിരുദൂതനാണെന്ന് ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ജിന്നുകളെ പ്രവാചകന് സ്വാധീനിക്കാൻ സാധ്യമല്ലെങ്കിൽ അദ്ദേഹത്തെ അവരിലേക്കുകൂടി നിയോഗിച്ചതിന് എന്തർഥം?

രണ്ട്, ഇബ്‌ലീസ് അഥവാ ശൈത്വാൻ ജിന്നുവർഗത്തിൽപെട്ടവനാണ് (ഖുർആൻ 7:12, 18:50). അയാൾ നാനാവിധത്തിൽ മനുഷ്യനെ വഴിതെറ്റിക്കാൻ ശ്രമിക്കുമെന്നും അല്ലാഹുവിന്റെ ഭക്തരായ ദാസന്മാരൊഴിച്ച് മറ്റുള്ളവരൊക്കെയും അയാളുടെ വലയിൽ വീഴുമെന്നും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യമനസ്സുകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും ദുർബോധനം നടത്തുകയും ചെയ്ത് പിന്മാറിക്കളയുന്ന ജിന്നുകളിലും മനുഷ്യരിലും പെട്ട ദുർബോധകരിൽനിന്ന് രക്ഷതേടാനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു (114:4-6). അദൃശ്യ ജീവികളായ പിശാചുക്കൾക്ക് മനുഷ്യരൂപം പ്രാപിക്കാതെ എങ്ങനെ മനുഷ്യരുമായി സൗഹൃദം സ്ഥാപിക്കാനും അവരെ വഴിതെറ്റിക്കാനും കഴിയും എന്നതാണ് ചോദ്യം. സൗഹൃദഭാവത്തിൽ മനുഷ്യനെ സമീപിച്ച് അയാളുടെ മനസ്സിനെ സ്വാധീനിക്കാൻ മനുഷ്യരൂപിക്കു മാത്രമേ കഴിയൂ. അബൂഹുറയ്റയിൽനിന്ന് ബുഖാരി ഉദ്ധരിച്ച ഹദീസ് ഇബ്‌ലീസ് മനുഷ്യരൂപത്തിൽ വരാനുള്ള സാധ്യത വ്യക്തമാക്കുന്നതാണ്. റമദാനിൽ സകാത്ത് ശേഖരത്തിന് കാവൽ നിൽക്കാൻ നബി(സ) അബൂഹുറയ്റയെ ചുമതലപ്പെടുത്തിയിരുന്നു. രാത്രി സകാത്തിൽനിന്ന് വാരിയെടുക്കാൻ ശ്രമിച്ചയാളെ അദ്ദേഹം തടയാൻ ശ്രമിച്ചപ്പോൾ *ആയത്തുൽ കുർസിയ്യ്* ഓതാൻ അയാൾ ഉപദേശിച്ചതും പിറ്റേന്ന് സംഭവം നബിയോട് റിപ്പോർട്ട് ചെയ്തപ്പോൾ അത് പിശാചായിരുന്നു എന്ന് വെളിപ്പെടുത്തിയതും പ്രസ്തുത ഹദീസിലുണ്ട്.

മൂന്ന്, വഴിതെറ്റിക്കുന്നവൻ മനുഷ്യനാണോ ജിന്നാണോ എന്നത് ഒരു പ്രശ്നമേയല്ല. വഴിതെറ്റിക്കാൻ ഉപയോഗിക്കുന്ന തന്ത്രം അല്ലെങ്കിൽ പറയുന്ന കാര്യം നല്ലതോ ചീത്തയോ എന്നതേ പരിഗണിക്കേണ്ടതുള്ളൂ. ചീത്ത ആര് ഉപദേശിച്ചാലും അത് തെറ്റും പൈശാചികവുമാണെന്ന് തിരിച്ചറിഞ്ഞ് അത് ഉപേക്ഷിക്കാൻ തയാറാവുന്ന ദൈവദാസന്മാർക്ക് ഭയപ്പെടാനൊന്നുമില്ല. അതിനാലാണ് എന്റെ യഥാർഥ അടിമകളെ വഴിതെറ്റിക്കാൻ നിനക്കാവില്ല എന്ന് ഇബ്‌ലീസിനോട് അല്ലാഹു പറഞ്ഞത്. വിശ്വാസികളോടാവട്ടെ 'അഭിശപ്തനായ പിശാചിൽനിന്ന് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു' എന്ന് പറയാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. അതേസമയം ശാരീരികമായി മനുഷ്യനെ കീഴ്പ്പെടുത്താനുള്ള ശേഷിയോ അധികാരമോ നീതിമാനായ അല്ലാഹു ജിന്നുവർഗത്തിൽപെട്ട ആർക്കും നൽകിയിട്ടില്ല എന്ന് വിശ്വസിക്കുന്നതാണ് ശരി.■